**ഭരണഭാഷ - മാതൃഭാഷ**

ICPS4(B)/6173/19

ഐ.സിപി.എസ്
വനിതാ ശിശു വികസന വകുപ്പ്
പൂജപ്പുര
തിരുവനന്തപുരം
തീയതി: 21.04.2021

ഡയറക്ടർ
വനിതാശിശു വികസന വകുപ്പ്
പൂജപ്പുര, തിരുവനന്തപുരം.

എല്ലാ ജില്ല വനിതാ ശിശു വികസന ഓഫിസർമാർക്കും (ഇടുക്കി ,പാലക്കാട് ജില്ലകൾ ഒഴികെ )

സർ,

വിഷയം: വനിതാ ശിശു വികസന വകുപ്പ് - സംയോജിത ശിശു സംരക്ഷണ പദ്ധതി-2014-15 മുതൽ 2019-20 വരെയുള്ള കണക്കുകൾ ക്രോഡികരിച്ച് - വിശദാംശം ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന : 14 ജില്ലകളിൽ നിന്നും ലഭ്യമായ സ്റ്റെമെൻ്റ്

മേൽ സൂചന പ്രകാരം ലഭ്യമായ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ 2014-15 ജില്ലകളിൽ നിന്നും ലഭ്യമായ കണക്കുകൾ പരിശോധിച്ച് 14 ജില്ലകളിൽ നിന്നും ലഭ്യമായ കണക്കുകൾ ഈ കാര്യാലയത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി . ഇടുക്കി , പാലക്കാട് എന്നീ ജില്ലകളിൽ നിന്നും പൂർണമായ വിശദാംശം ലഭിച്ചിട്ടുള്ളതിനാൽ ടി ജില്ലകളിലെ കണക്കുകൾ ക്രോഡീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൂർണമായ വിശദാംശം രേഖപെടുത്തതെ അപൂർണമായ സ്റ്റേറ്റ്മെൻറ് ആണ് മറ്റ് 12 ജില്ലകളിൽ നിന്നും ലഭിച്ചത് . പ്രസ്തുത സ്റ്റേറ്റ്മെൻ്റ്കളിലെ അപാകതകൾ ചൂണ്ടിക്കണിച്ച് അവയുടെ വിശദാംശം നൽകാൻ ആവശ്യപെട്ട് കത്ത് യഥാക്രമം നൽകിയിരുന്നെങ്കിലും അവയുടെ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല . ടി കണക്കുകൾ 30.04.2021 ന് മുൻപായി ക്രോഡികരിച്ച് നൽകേണ്ടതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി ആവശ്യമാണ് . ഇതിൻറെ ഭാഗമായി 26.04.2021 ഉച്ചയ്ക്ക് 2.30 ന ഓൺലൈൻ മുഖാന്തരം ഇടുക്കി , പാലക്കാട് ഒഴികെയുള്ള 12 DWCDO മാരും ബന്ധപ്പെട്ട ഓഡിറ്റ് സുപ്രണ്ട്മാരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ് . അജെണ്ടയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അജണ്ട :

1. 2014-15 മുതൽ 2019-20 വരെയുള്ള കണക്കുകളുടെ ക്രോഡീകരണം – വിശദാംശം ലഭ്യമാകുന്നത് സംബന്ധിച്ച് .

വിശ്വസ്തയോടെ

വനിത ശിശു വികസന ഡയരക്ടർക്ക് വേണ്ടി